2025
International Year of Cooperatives

RCS/135/2026-CB(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 15.01.2026

## സർക്കുലർ നമ്പർ 2/2026

വിഷയം: സഹകരണ വകുപ്പ് – സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:

1. സഹകരണ സംഘം രജിസ്ട്രാറുടെ 04.03.2025 തീയതിയിലെ 09/2025 നമ്പർ സർക്കുലർ.
2. 07/01/2026 തീയതിയിൽ ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതി തീരുമാനം.
3. സർക്കാരിന്റെ 18.08.2021 ലെ സ.ഉ.(സാധാ) 506/2021/സഹ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് പരാമർശം (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതിയോഗം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, മിസലേനിയസ് സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, വിവിധ വാണിജ്യ ബാങ്കുകളും, പൊതു മേഖലാ ബാങ്കുകളും, മറ്റ് ധനകാര്യ സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്ക് അവലോകനം നടത്തുകയും, വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, മിസലേനിയസ് സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശനിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, മിസലേനിയസ് സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം സർക്കുലർ തീയതി മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, മിസലേനിയസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് |
| 1. | 15 ദിവസം മുതൽ 45 ദിവസം വരെ | 6.25% | 6.25% |
| 2. | 46 ദിവസം മുതൽ 90 ദിവസം വരെ | 6.75% | 6.75% |
| 3. | 91 ദിവസം മുതൽ 179 ദിവസം വരെ | 7.25% | 7.00% |
| 4. | 180 ദിവസം മുതൽ 364 ദിവസം വരെ | 7.75% | 7.75% |
| 5. | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.00% | 8.00% |
| 6. | 2 വർഷവും അതിനു മുകളിലും | 8.00% | 8.10% |

മേൽ നിരക്കുകൾക്ക് പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി 0.50 ശതമാനം നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ച് നൽകിയിരുന്ന പലിശനിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിരനിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ സർക്കുലർ പ്രകാരമുള്ള പലിശ നിരക്കുകൾ 15-01-2026 മുതൽ നടപ്പിലാക്കുന്ന നിക്ഷേപ സമാഹരണ യജ്ഞത്തിനും ബാധകമായിരിക്കും.

(ഒപ്പ്)
Dr. D SAJITH BABU IAS
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്

2. മാനേജിംഗ് ഡയറക്ടർ
സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്

3. സഹകരണ ആഡിറ്റ് ഡയറക്ടർ
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
തിരുവനന്തപുരം
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
6. ജോയിന്റ് ഡയറക്ടർ/ സമകാലീന ആഡിറ്റർമാർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും,
(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
9. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖന
10. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
11. എഡിറ്റർ, സഹകരണ വീഥി
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13. സ്റ്റോക്ക് ഫയൽ
14. പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ വഴി പ്രസിദ്ധീകരണത്തിന്
15. സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)